റിപ്പോർട്ട് കിട്ടുകയും ചെയ്തിട്ടുണ്ട്. അതു വേണമെങ്കിൽ മെമ്പറെ വായിച്ചു കേൾപ്പിക്കാം.

MR. PRESIDENT : Not necessary.

MR. PAUL THALIAT : ഈ റിപ്പോർട്ടിൽ ആ വെള്ളം ഉപയോഗിക്കുന്നതിൽ ദോഷമുള്ളതായി പറഞ്ഞിട്ടുണ്ടോ?

HON'BLE MR. E. K. MADHAVAN : വെള്ളത്തിന്റെ സാമ്പിൾ എടുത്ത് അനലൈസു ചെയ്യുൻ ഏല്പിച്ചിട്ടുണ്ട്. അവിടെ ചെന്നു നോക്കിയതിൽ വെള്ളം മലിനമാകാതിരിക്കാൻ കമ്പനിക്കാർ വേണ്ട ഏർപ്പാടു ചെയ്യുവരുന്നതായി ബോദ്ധ്യമായിട്ടുണ്ട്.

* വാടകനിയന്ത്രണം.

*133. MR. K. KUTTAPPAN (*Mavelikara III—Thandan*): താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വാടകനിയന്ത്രണവകുപ്പു മന്ത്രി സഭയെ മറുപടി പറയുമോ?

(എ) തിരുവിതാംകൂറിൽ ഏതെല്ലാം ടൗണുകളിൽ വാടകനിയന്ത്രണം നടപ്പിലാക്കിയിട്ടുണ്ടെന്നു പറയുവാൻ ദയവുണ്ടാകുമോ?

(ബി) വാടകനിയന്ത്രണം ഇല്ലാത്ത കായംകുളം, മാവേലിക്കര ഈ ടൗണുകളിൽ വാടക നിയന്ത്രണം നടപ്പിലാക്കുന്നതിന് ദയവുണ്ടാകുമോ?

HON'BLE MR. A. J. JOHN ; (എ) തിരുവനന്തപുരം നഗരത്തിലും സംസ്ഥാനത്തെ എല്ലാ മുനിസിപ്പാലിറ്റികളിലും ചെങ്ങന്നൂർ കൺസർവൻസി ടൗണിലും അടൂർ, വില്ലേജ് യൂണിയനിലും വാടകനിയന്ത്രണം നടപ്പിലാക്കിയിട്ടുണ്ട്.

(ബി) കായംകുളം, മാവേലിക്കര, ഈ ടൗണുകൾ മുനിസിപ്പൽ ടൗണുകളാണ്. അവിടെ വാടകനിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly